**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചട്ടം ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം വൈദ്യുതി വാങ്ങൽ, പ്രസരണ നിരക്ക്, ഇന്ധന നിരക്ക് തുടങ്ങിയ ഇനങ്ങളിൽ അധിക ചെലവ് ഉപഭോക്തക്കളിൽ നിന്നും ഈടാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ മാസവും വൈദ്യുതി നിരക്ക് കൂട്ടാൻ വിതരണ കമ്പനികളെ അനുവദിച്ചുള്ള ചട്ടം ഭേദഗതി ജനങ്ങളെ ഏതെല്ലാം വിധത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ 29.12.2023ന പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ [Electricity (Amendment) Rules, 2022] (ചട്ടം 14) പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുത വാങ്ങൽ ചെലവുകൾ സമയബന്ധിതമായ വീണ്ടെടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്ന ആയതനുസരിച്ച് ഇന്ധന വിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാക്കുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല ഉപയോഗിച്ച പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്ക് ഉപഭോക്താവിലേക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്.<br><br>നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഈടാക്കുന്ന അധികതുക പിന്നീട് വാർഷിക അടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലവിലെ സമ്പ്രദായത്തിന വിപരീതമായി, സ്റ്റേറ്റ് റെഗുലേറ്ററിൽ നിന്ന വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് അനുവാദമുള്ളതിനാൽ, സ്വകാര്യ ഡിസ്കോമുകൾ താത്കാലിക നേട്ടം ഉണ്ടാക്കാൻ ഇടയുണ്ട്. |
| (ബി) | ഇന്ധന വില നിർണ്ണയാധികാരം എണ്ണ | (ബി) | ഉണ്ട്. വൈദ്യുതി (ഭേദഗതി) റൂൾസ് |

| | | | |
|---|---|---|---|
| | കമ്പനികൾക്ക് നല്കിയതിന് സമാനമായ നടപടിയാണ് പ്രസ്തുത വൈദ്യുതി ചട്ടത്തിന്റ ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | 2022പ്രസിദ്ധീകരിച്ച് 90 ദിവസത്തിനുള്ളിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ വില ക്രമീകരണ ഫോർമുല (Fuel and Power purchase Adjustment Surcharge Formula (FPPAS) വ്യക്തമാക്കേണ്ടതാണ്.സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദേശിക്കുന്ന formula പ്രകാരമാണ് Fuel and Power purchase Adjustment Surcharge (FPPAS) കണക്കാക്കേണ്ടത് എന്ന് റൂൾസ് അനുശാസിക്കുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power Purchase Adjustment Surcharge നിർണ്ണയിക്കുന്നത് വരെ വൈദ്യുതി (ഭേദഗതി) ചട്ടത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത ഷെഡ്യൂൾ-II-ൽ വ്യക്തമാക്കിയിട്ടുള്ള methodology- യും formula- യും ബാധകമാക്കേണ്ടതാണ്.അതുപോലെ തന്നെ പ്രസ്തുത Fuel and Power purchase Adjustment Surcharge(FPPAS) സാമ്പത്തിക വർഷം കഴിയുമ്പോൾ June-30 നു മുമ്പായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ട്രൂ-അപ്പിലൂടെ കണക്കുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത് വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ട്രൂ അപ്പ് പ്രക്രിയ സമയത്തു ഏതെങ്കിലും കാരണത്താൽ വിതരണ കമ്പനികൾ Fuel and Power purchase Adjustment Surcharge (FPPAS) അധികമായി ഈടാക്കിയെന്നു ശ്രദ്ധയിൽ പെട്ടാൽ കമ്മീഷൻ വിതരണ കമ്പനികൾക്ക് carrying cost-നു അനുവദിക്കുന്ന പലിശയുടെ 1.2 മടങ്ങു പലിശയോടെ പ്രസ്തുത തുക വിതരണ കമ്പനികളിൽ നിന്നും ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ചു നൽകേണ്ടതാണ്.അത് പോലെ തന്നെ Fuel and Power Purchase Adjustment Formula യും methodology- യും കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരമായതിനാലും വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമായതിനാലും ഇന്ധനവില നിർണ്ണയാധികാരം എണ്ണ കമ്പനികൾക്ക് നൽകിയതിന് സമാനമായ നടപടിയല്ല എങ്കിലും വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ സൂക്ഷ്മപരിശോധന കൂടാതെ സർചാർജ്ജ് ഈടാക്കാമെന്നത് ഉപഭോക്താവിന് ദോഷകരമായി ബാധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളെയും വ്യവസായ സംരംഭങ്ങളെയും പ്രസ്തുത ഭേദഗതി ഏതെല്ലാം തരത്തിലാണ് ബാധിക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഉണ്ട്. ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച് വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്ക്, തങ്ങളുടെ കച്ചവടച്ചെലവ് (business expenditure) കണക്കാക്കുന്നതിന് വൈദ്യുതി നിരക്കിനെ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് മുൻകൂർ ധാരണ ആവശ്യമുണ്ട്. അടിക്കടി മാറുന്ന വൈദ്യുതി നിരക്ക് ഇതിന് വിഘാതമാകാൻ സാധ്യതയുണ്ട്. ഇത് നാട്ടിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിൽനിന്നും സംരംഭകരെ തടയാൻ സാധ്യതയുണ്ട് അധിക ബാധ്യതയുടെ സാധ്യത മുന്നിൽകണ്ടുകൊണ്ടാണ് വില നിശ്ചയിക്കുന്നത് എങ്കിൽ അത് ഉത്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കാനും സാധാരണക്കാരുടെ ജീവിതച്ചെലവ് വർദ്ധിക്കാനും ഇടയാക്കും. |

സെക്ഷൻ ഓഫീസർ